## DEMANDS FOR SUPPLEMENTARY GRANTS
### EDUCATION.—(*Contd.*)

MR. M. N. NARAYANA MENON: സർ, മൊത്തത്തിൽ വിദ്യാഭ്യാസപരിഷ്ക്കരണക്കമ്മിറ്റിയുടെ റിപ്പോർട്ടിനെ ഞാൻ അനുകൂലിക്കയാണു ചെയ്യുന്നതു്. എന്നാൽ ഏതാനും ചില സംഗതികളെപ്പറ്റി എനിക്കിവിടെ എടുത്തു പറയേണ്ടതായിട്ടുണ്ടു്.

പ്രാഥമികവിദ്യാഭ്യാസത്തെപ്പറ്റിയാണു് ആദ്യമായി എനിക്കു പറയുവാനുള്ളതു്. പ്രാഥമികവിദ്യാഭ്യാസം അഞ്ചു ക്ലാസുവരെ വേണമെന്നുവച്ചതും, അതിലേയ്ക്കു ഫീസു വേണ്ടെന്നുവച്ചതും അഭിനന്ദനീയമായ സംഗതികൾതന്നെയാകുന്നു. ഈ അവസരത്തിൽ പ്രാഥമികപാഠശാലകളിലുള്ള അദ്ധ്യാപകന്മാരുടെ സംഗതിയിൽക്കൂടി എന്തെങ്കിലും ശ്രദ്ധിക്കേണ്ടതായിരുന്നു. ബ്രിട്ടീഷ് ഇൻഡ്യയിലെ പല ഭാഗങ്ങളിലും ഈ അവസരത്തിൽ നമ്മുടെ കണ്ണോടിച്ചുനോക്കാം. മദ്രാസ് പ്രസിഡൻസിയിൽ പ്രാഥമികപാഠശാല അദ്ധ്യാപകന്മാരുടെ ഒരു മാസത്തെ ശരാശരി ശമ്പളം ഫ ൪ രൂപാ ർ അണയാണു്. ബമ്മായിൽ ർ൪ രൂപായാണു്; യു.പി.യിൽ ഫ വൃ രൂപാ വൃ അണയാണു്. പഞ്ചാബിൽ പ്രാഥമികസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ൨ ൫ രൂപാ വൃ അണയാണെന്നു മി. സ്മിത്താംതന്നെ പ്രസ്താവിക്കുന്നു. ഇൻഡ്യാസാമ്രാജ്യത്തിൽ വിദ്യാഭ്യാസത്തിൽ മുന്നിട്ടുനിൽക്കുന്ന ബമ്മായിൽ പ്രാഥമികാദ്ധ്യാപകന്മാരുടെ ഒരുമാസത്തെ ശരാശരി ശമ്പളം നമ്മുടെ രൂപാ ഒരണയാണു്.

MR. K. P. NILAKANTA PILLAI: ഇവിടെ പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാർക്കു് എത്ര രൂപാവരെ കിട്ടാൻ മാർഗ്ഗമുണ്ടു്?

MR. M. N. NARAYANA MENON: ഫ൯ രൂപാവരെ കിട്ടാൻ മാർഗ്ഗമുണ്ടു്; ചിലപ്പോൾ ൨ ൫ രൂപാ കിട്ടി എന്നുംവരാം

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ശരാശരി ശമ്പളമെന്നു പറഞ്ഞല്ലൊ. അതു താഴ്ന്നശമ്പളവും ഉയർന്ന ശമ്പളവും കൂട്ടി ശരാശരി കണ്ടുപിടിച്ചതാണോ?

MR. M. N. NARAYANA MENON: ആയിരിക്കണം. ഹാട്ടാർ കമ്മിറ്റി റിപ്പോർട്ടു് ഒരു പ്രാവശ്യം നോക്കിയാൽ സംശയം വല്ലതുമുണ്ടെങ്കിൽ തീരും.

MR. J. JOHN KATTAKAYAM: ഇതര ഡിപ്പാർട്ടുമെന്റിലെ കീഴ്സിൽബന്ധികൾക്കു കിട്ടുന്നതുപോലെ ഇവർക്കു കിട്ടാൻ വല്ല വഴിയുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. M. N. NARAYANA MENON : ഇല്ല. ഇവക്കു യാതൊരു വരുമാനവും വിശേഷാൽ ഇല്ല.

MR. P. PADMANABHAN TAMPI : ഇതര ഡിപ്പാർട്ടുമെൻറിലെ കീഴ്സിൽബന്ധികൾക്ക് എന്തു വരുമാനമാണു കിട്ടുന്നതു്?

MR. M. N. NARAYANA MENON: മെമ്പക്കറിയാവുന്നതിൽ കൂടുതൽ എനിക്കറിഞ്ഞുകൂടാ.

MR. P. PADMANABHAN TAMPI : പിന്നെ എങ്ങിനെയാണു് ആ ചോദ്യത്തിനു മറുപടി പറഞ്ഞതു്?

MR. M. N. NARAYANA MENON : അതൊക്കെ സാവകാശമായിട്ടു പറയാം. എന്റെ പ്രസംഗംതീർന്നശേഷം ഞാൻ എല്ലാ ചോദ്യത്തിനും മറുപടി പറയാം.

സെൻട്രൽ പ്രാവിൻസിൽ പ്രൈമറിസ്കൂളദ്ധ്യാപകന്മാരുടെ ശരാശരി ശമ്പളം 12 രൂപയാണു്. ഏറ്റവും കുറവുള്ള ആസ്സാമിൽ ശരാശരിശമ്പളം 8 രൂപാ 8 അണയാണു്. തിരുവിതാംകൂറിൽ അതു 7 രൂപ 7 അണ മാത്രമാകുന്നു. ഇപ്രകാരമുള്ള സ്ഥിതിക്കളായ അദ്ധ്യാപകന്മാരുടെ കാര്യത്തിൽ മി. റ്റൂത്താം ദൃഷ്ടിപതിപ്പിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തെ കൂടുതൽ അഭിനന്ദിക്കാമായിരുന്നു.

MR. KOMILEZHATHU SANKARAN (*Nominated*): സാമാന്യേന പ്രാഥമികസ്കൂളദ്ധ്യാപകന്മാരെ അവരവരുടെ സ്വദേശത്തുതന്നെ സ്ഥലം മാറണമെന്നു് ഒരു നയം ഡിപ്പാർട്ടുമെൻറു സ്വീകരിച്ചിട്ടുള്ളതായി മെമ്പക്കറിയാമോ?

MR. M. N. NARAYANA MENON : അറിയാം. എന്നാൽ അതുകൊണ്ടുമാത്രമായില്ല.

MR. K. P. NILAKANTA PILLAI : ബ്രിട്ടീഷ് ഇൻഡ്യയിലെ കണക്കു മെമ്പർ ഉദ്ധരിച്ചല്ലോ. ബ്രിട്ടീഷ് ഇൻഡ്യയിലും തിരുവിതാംകൂറിലും ഒരാൾക്കു ജീവിക്കാനുള്ള ചിലവു് ഒന്നുപോലെയാണോ?

MR. M. N. NARAYANA MENON: അതിൽ വലിയ വ്യത്യാസമൊന്നുമില്ലെന്നാണു ഞാൻ ധരിച്ചുവച്ചിട്ടുള്ളതു്.

MR. K. MADHAVAN PILLAI (*Trivandrum*) : ഇവിടെ പ്രവൃത്തികാരന്മാക്ക് എത്രരൂപാവരെ ശമ്പളമുണ്ടു്?

MR. M. N. NARAYANA MENON : പ്രവൃത്തികാരന്മാക്കു പലതരത്തിലുള്ള ശമ്പളമുണ്ടു്. പലവിധവരുമാനങ്ങളുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. PADMANABHAN TAMPI: ഇതിൽ കുറഞ്ഞതു് എത്ര രൂപായാണു്?

MR. M. N. NARAYANA MENON: മെമ്പർ തന്നത്താനെ ഇരുന്നാലോചിച്ചാൽ അറിയാവുന്നതാണല്ലൊ.

ഗ്രാൻറു വിദ്യാലയങ്ങളുടെ ഇപ്പോഴത്തെ ഗ്രാൻറു വൺ ട്ടി രൂപായിൽനിന്നും വൺ രൂപായാക്കി കുറയ്ക്കയാണു ചെയ്തതു്. അതു ശരിയല്ല. അതുപോലെതന്നെ അപ്പർപ്രൈമറിവിദ്യാലയങ്ങളെ എത്രയും വേഗത്തിൽ നിത്താമോ അത്രയും വേഗത്തിൽ നിത്താനാണു മി. സ്റ്റാത്താം ആഗ്രഹിക്കുന്നതു്. ഈ നയം ഒട്ടും ശരിയല്ല. അവർക്കും കഴിയുന്നിടത്തോളം സാവകാശം കൊടുത്തു നന്നാക്കിക്കൊണ്ടുവരാൻ നോക്കണം. അല്ലാതെ അത്ര എളുപ്പം നിറുത്തൽചെയ്യാൻ പാടില്ല.

MR. J. JOHN KATTAKAYAM: ഗ്രാൻറുകിട്ടുന്നതു് അദ്ധ്യാപകന്മാർക്കു കൊടുക്കാത്ത മാനേജർമാരുമില്ലേ?

MR. M. N. NARAYANA MENON: കൊടുക്കുന്നവരെയാണു് എനിക്കു കൂടുതൽ പരിചയമുള്ളതു്.

പാഠപുസ്തകങ്ങളെ സംബന്ധിച്ചിടത്തോളം അസംബ്ലിയിലും കൌൺസിലിലും എന്തുവേണ്ട പ്ലാറ്റുഫാറങ്ങളിൽപോലും വലിയ പരാതി പറഞ്ഞുവരുന്നുണ്ടു്. അതിലേക്കു ശരിയായ ഒരു പരിഹാരം വരുത്തേണ്ടതത്യാവശ്യമാണു്. പ്രൈമറി സ്കൂളുകളിൽ ൪ കൊല്ലംവരെ കൊടുക്കുന്ന ഫീസ് സൌജന്യം ടെക്സ്റ്റ്ബുക്കുകൾക്കുനിമിത്തം നശിച്ചുപോകുന്നു. അതായതു പുസ്തകങ്ങൾ വാങ്ങിക്കുവാൻ കൂടുതൽ പണം ചിലവാക്കേണ്ടിവരുന്നു. അതിനാൽ അഞ്ചു ക്ലാസ്സുവരെയുള്ള പുസ്തകങ്ങളുടെ സംഖ്യ വളരെ കുറയ്ക്കണം.

ഇനി എനിക്കു പറയുവാനുള്ളതു നിവൃത്തിയുള്ളിടത്തോളം ഹിന്ദി നിബ്ബന്ധമായി പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കണമെന്നുള്ളതാണു്. നമ്മുടെ രാജ്യം എന്നും ഒരു ചെറിയ രാജ്യമായിട്ടു ഇൻഡ്യാസാമ്രാജ്യത്തിൽനിന്നും വേർതിരിച്ചു് ഇരുക്കാൻ സാധിക്കുന്നതല്ല. നേരെമറിച്ചു് ഒരു വലിയ സാമ്രാജ്യത്തിലെ ഒരു പ്രധാന പങ്കു വഹിക്കുവാൻ നാം ആഗ്രഹിക്കുന്നു. ആ സ്ഥിതിക്കു നാം ഹിന്ദിക്കൂടി പഠിപ്പിച്ചാൽ മറു രാജ്യങ്ങളെ മുന്നിട്ടു നമുക്കു നില്ക്കാൻ സാധിക്കും. അതിനാൽ ഹിന്ദിക്കൂടി നിബ്ബന്ധവിഷയമാക്കി പഠിപ്പിക്കണം.

ഇനി ഇവിടെ അഭിപ്രായവ്യത്യാസത്തിനു കാരണമായ ഒരു സംഗതി ലോക്കൽ ബോഡ്കളും പ്രൈവറ്റ് ഏജൻസികളും പാഠശാലകൾ

LIBRARY ARCHIVES Kerala Legislative Assembly

ടത്തുക എന്നുള്ളതാണ്. എന്തുമാത്രം പ്രൈവറ്റ് ഏജൻസികൾ പാഠശാല നടത്തുന്നതിന് ഉണ്ടാകുവാൻ കഴിയുമോ അത്രമാത്രം ഉണ്ടാകേണ്ടതാണ്. പ്രൈവറ്റ് ഏജൻസി എന്ന വ്യവഹരിച്ചുകാണുന്നതു മിക്കവാറും ലോക്കൽബോർഡുകളും മുനിസിപ്പാലിറ്റികളും ഡിസ്ട്രിക്ട് ബോർഡുകളുമാണല്ലൊ. ഇൻഡ്യയിൽ വിദ്യാഭ്യാസത്തിനു മുന്നിട്ടുനിൽക്കുന്ന രാജ്യമാണ് തിരുവിതാംകൂർ എന്നു നമ്മളും മറ്റുള്ളവരും അഭിമാനിക്കുന്നു; നമ്മുടെ വിദ്യാഭ്യാസത്തിനായി ൫൦ ലക്ഷം രൂപായോളം ഗവൺമെൻറു ചിലവാക്കുകയുംചെയ്യുന്നു. ഇങ്ങനെയൊക്കെയിരുന്നിട്ടും നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളെ ഭരിക്കാൻ നമ്മെക്കൊണ്ടു കഴിയുകയില്ല എന്നു പറയുകയാണെങ്കിൽ നമ്മുടെ ഈ വിദ്യാഭ്യാസംകൊണ്ട് എന്താണു ഫലം എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. അതിനാൽ നിവൃത്തിയുള്ളിടത്തോളം ലോക്കൽ ബോഡിനു വിദ്യാലയങ്ങൾ വിട്ടുകൊടുക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു.

MR. K. P. NILAKANTA PILLAI: ഇപ്പോഴുള്ള മുനിസിപ്പാലിറ്റികൾ വിദ്യാലയങ്ങൾ നടത്താൻ നിവൃത്തിയില്ലെന്നു പറഞ്ഞിട്ടുള്ളതായി മെമ്പർക്കറിയാമോ?

MR. M. N. NARAYANA MENON: എനിക്കറിഞ്ഞുകൂടാ. അഥവാ അങ്ങനെ പറയുകയാണെങ്കിൽ ആ മുനിസിപ്പാലിറ്റിയെ ഞാൻ അശേഷം അഭിനന്ദിക്കുന്നില്ല.

MR. K. P. NILAKANTA PILLAI: ഏതെങ്കിലും ഒരു മുനിസിപ്പാലിറ്റി വിദ്യാലയങ്ങൾ നടത്താൻ തയ്യാറായിട്ടുണ്ടോ എന്നു മെമ്പർക്കറിയാമോ?

MR. M. N. NARAYANA MENON: ആവശ്യപ്പെട്ടാൽ കണ്ടേയ്ക്കും.

MR. K. MADHAVAN PILLAI: കോട്ടയം മുനിസിപ്പാലിറ്റിയോടു ആവശ്യപ്പെട്ടാൽ ചെയ്യുമോ?

MR. M. N. NARAYANA MENON: ചെയ്യുന്നതിനു ന്യായമുണ്ട്.

ഈ അവസരത്തിൽ വിദ്യാഭ്യാസകരത്തെപ്പറ്റികൂടി സ്വല്പം പറയുവാനുണ്ട്. പ്രാഥമികവിദ്യാഭ്യാസം സൌജന്യമായി അങ്ങുകൊല്ലം നടത്തണം, അദ്ധ്യാപകന്മാർക്കു ശമ്പളം കൂട്ടിക്കൊടുക്കണം, എന്നൊക്കെ പറയുന്ന സമയത്തു വിദ്യാഭ്യാസനികുതി ഏർപ്പെടുത്താൻ പാടില്ലെന്നു പറയുന്നതു ന്യായമാണോ എന്നു് ഒരു ചോദ്യമുണ്ടാകാം.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI : അദ്ധ്യാപകന്മാർക്കു ശമ്പളം കൂട്ടിക്കൊടുക്കണമെന്നു കമ്മിറ്റിറിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ?

MR. M. N. NARAYANA MENON : ഇല്ല. അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നു ഞാൻ പറയുന്നു. അപ്പോൾ പണമെവിടെ എന്നൊരു ചോദ്യമുണ്ടാകും. അതിലേക്കു എനിക്കുള്ള സമാധാനം വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം മൊത്തത്തിൽ കുറവുചെയ്യണമെന്നാണു്. പൊതുവേയുള്ള ഉദ്യോഗസ്ഥന്മാരെപ്പറ്റി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനെപ്പറ്റിമാത്രമാണു ഞാൻ പറയുന്നതു്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ദിവാൻ സർ. പി. രാജഗോപാലാചാരിയുടെ കാലംവരെ ഇവിടത്തെ കാളേജിലെ പ്രൊഫസ്സർമാർക്കു രണ്ടുതരത്തിലുള്ള ശമ്പളമുണ്ടായിരുന്നു. അതായതു യൂറോപ്യൻസിനു കൂടുതൽ ശമ്പളവും നാട്ടുകാർക്കു കുറഞ്ഞ ശമ്പളവുമായിരുന്നു. അതു് ഒരിക്കലും ന്യായമായിട്ടുള്ളതല്ലെൻകണ്ടു് സർ. പി. രാജഗോപാലാചാര്യർ നാട്ടുകാരായ പ്രൊഫസർമാരുടെ ശമ്പളം പാശ്ചാത്യരായ പ്രൊഫസർമാരുടെ ശമ്പളത്തോടൊപ്പം വർദ്ധിപ്പിക്കയാണുചെയ്തതു്. എന്നാൽ അന്നു പാശ്ചാത്യരുടെ ശമ്പളം കുറയ്ക്കയായിരുന്നു വേണ്ടിയിരുന്നതു്, അതു ചെയ്തില്ല. സാമ്പത്തികാധഃപതനം അതിന്റെ ഉച്ചത്തിൽ എത്തിയിരിക്കുന്ന ഇക്കാലത്തു, ജനങ്ങളുടെ ധനാദായം വളരെ കുറഞ്ഞിരിക്കുന്ന ഇക്കാലത്തു, നമ്മുടെ സാമാനങ്ങൾക്കു വിലകിട്ടാതിരിക്കുന്ന ഈ സന്ദർഭത്തിൽ ഇവിടത്തെ വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കയാണു വേണ്ടതു്.

MR. M. N. PARAMESVARAN PILLAI : ബ്രിട്ടീഷ് ഇൻഡ്യയിൽ കൊടുക്കുന്ന ശമ്പളത്തെക്കാൾ കൂടുതൽ ശമ്പളം ഇവിടെ കൊടുക്കുന്നുണ്ടോ?

MR. M. N. NARAYANA MENON: ഒരിക്കലുമില്ല. എന്നാൽ ഈതുക കുറയ്ക്കേണ്ടതാകുന്നു.

പിന്നീടു് ഇവിടെ അഭിപ്രായവ്യത്യാസം വന്നതു ദേവസ്വം ഫണ്ടിനെപ്പറ്റിയാണു്. കമ്മിറ്റി റിപ്പോർട്ടിൽ ദേവസ്വം ഫണ്ടു വിദ്യാഭ്യാസത്തിനായി വിനിയോഗിക്കുന്നതിനെപ്പറ്റി ഗവണ്മെൻറു് ആലോചിക്കാമോ എന്നു മിതമായ സ്വരത്തിൽ പറഞ്ഞിട്ടുണ്ടു്. ഞാൻ ആലോചിച്ചിടത്തോളം അതിൽ വലിയ തരക്കേടു കാണുന്നില്ല. ഇന്നു നമ്മുടെ ഗവണ്മെൻറു മാത്രമാണു് പ്രധാനമായി വിദ്യാഭ്യാസത്തിനു പണം വിനിയോഗിക്കുന്നതു്. ഇനിയും നമുക്കു വിദ്യാഭ്യാസവിഷ

LIBRARY ARCHIVES Kerala Legislative Assembly

യത്തിൽ മുന്നോട്ട പോകേണ്ടിയിരിക്കുന്നു. ക്രസ്ത്യൻ മിഷനറിമാരും മറ്റും വിദ്യാഭ്യാസത്തിനായി കുറെ പണം ചിലവാക്കി സ്കൂൾ നടത്തിയിട്ടില്ലായിരുന്നുവെങ്കിൽ തീർച്ചയായും ഇന്നു ചിലവാക്കുന്ന ൪൦ ലക്ഷം രൂപായ്ക്കു പകരം ഒരൻപതു ലക്ഷം രൂപാക്രടി ചിലവാക്കേണ്ടിവരുമായിരുന്നു. ഇതിനും പുറമേ ഗവണ്മെൻറു നടത്തിക്കൊണ്ടു പോകേണ്ട പല ആവശ്യങ്ങൾക്കും പണമില്ലാതെ വരികയും ചെയ്യുമായിരുന്നു. ബർമ്മായിൽ ബുദ്ധമതസ്ഥാപനങ്ങൾ പ്രൈമറി വിദ്യാലയങ്ങൾ നടത്തിക്കൊണ്ടു പോകുന്നതു കൊണ്ടാണു ബർമ്മാ ഇന്നു ഇൻഡ്യാ സാമ്രാജ്യത്തിൽ വിദ്യാഭ്യാസത്തിൽ മുന്നിട്ടു നിൽക്കുന്നതു്. ഇതൊക്കെക്രടി ഉദ്ദേശിച്ചുകൊണ്ടായിരിക്കാം, (അല്ലെങ്കിൽ ഞാൻ അതുദ്ദേശിച്ചു കൊണ്ടാണു പറയുന്നതു്) കമ്മിറ്റി റിപ്പോർട്ടിൽ ഈ ഭാഗം എടുത്തു പറഞ്ഞിട്ടുള്ളതു്. ഇന്നു ദേവസ്വങ്ങൾ ഗവണ്മെൻറിൻെറ അധീനതയിലിരിക്കയാണു്. അവയെ ചുമതലപ്പെട്ട ആളുകൾക്കു ഗവണ്മെൻറു വിട്ടു കൊടുക്കയും ഗവണ്മെൻറിൻെറ ബന്ധം വിടുകയും ചെയ്യണം.

Mr. KOMILEZHATHU SANKARAN : ദേവസ്വത്തിലെ ചുമതലപ്പെട്ട ആളുകൾ ആരാണെന്നു പറയാമോ?

Mr. M. N. NARAYANA MENON: പിന്നീടു പറയാം.

Mr K. P. NILAKANTA PILLAI : ഇപ്പോൾ എന്തു കൊണ്ടു പറയരുതു്?

Mr. M. N. NARAYANA MENON: എന്തെങ്കിലുമാകട്ടെ.

ഗവണ്മെൻറിൻെറ മേൽനോട്ടത്തിൽ ഓരോ സ്ഥലങ്ങളിലും ദേവസ്വം ലോക്കൽ ബോർഡുണ്ടാക്കുകയും ദേവസ്വത്തിലെ ധനസ്ഥിതിയനുസരിച്ചു കാളേജോ, ഹൈസ്കൂളോ, മിഡിൽസ്കൂളോ, പ്രൈമറി സ്കൂളോ നടത്തുകയും ചെയ്താൽ ക്രമേണ ഗവണ്മെൻറിൻെറ കൈ വിദ്യാഭ്യാസത്തിൽ നിന്നും പിൻവലിക്കുന്നതിനും ഗവണ്മെൻറു പണം കൂടുതൽ ഇതരസംഗതികൾക്കായി ചിലവാക്കുന്നതിനും കഴിയുന്നതാണു്.

Mr. KALLUR NARAYANA PILLAI (*Tiruvalla cum Pattanamtitta*): ദേവസ്വം ഫണ്ടുപയോഗിച്ചു ഹിന്ദുമത വിദ്യാഭ്യാസം നടത്തിക്കൊണ്ടു പോകുന്നതു നന്നായിരിക്കയില്ലേ?

Mr. M. N. NARAYANA MENON: മത വിദ്യാഭ്യാസത്തെപ്പറ്റിയാണു ഞാൻ പറയുവാൻ പോകുന്നതു്. അതും ഇവിടെ അഭിപ്രായവ്യത്യാസത്തിനു കാരണമായ ഒന്നാണു്. എൻെറ അഭിപ്രായം—എനിക്കു് ഈ അഭിപ്രായം പല കാലങ്ങളായിട്ടുള്ളതും, ഞാൻ പ്രജാസഭാമെ



LIBRARY ARCHIVES Kerala Legislative Assembly

[Mr. M. N. Narayana Menon.]

ന്വറായിരുന്ന കാലത്തു തുടർച്ചയായി വാദിച്ചിട്ടുള്ളതുമാണ്—മതവിദ്യാഭ്യാസം കുട്ടികൾക്കു നൽകണമെന്നുള്ളതാണ്. പ്രായോഗികമായ തടസ്ഥങ്ങളുള്ളതുകൊണ്ടായിരിക്കണം എന്റെ മാന്യസ്നേഹിതന്മാർ പലരും അതിനെ എതിർക്കുന്നതു്.

MR. V. S. ARUMUKHAM PILLAI: May I know whether the Government is competent to divert Devaswom fund for education?

MR. M. N. NARAYANA MENON: അതൊക്കെ പിന്നീടു പറയാമെന്നു ഞാൻ ആദ്യമെ പറഞ്ഞു കഴിഞ്ഞു.

ഇൻഡ്യയിൽ കുറെ കാലത്തിനു മുമ്പു മതവിദ്യാഭ്യാസത്തെ സംബന്ധിച്ചു ഹിന്ദുക്കളുടെ ഇടയിൽ മാത്രം അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. ഇൻഡ്യയിലെ ഒരു പ്രധാനവിഭാഗക്കാരായ മഹമ്മദീയർക്കു മതവിദ്യാഭ്യാസം നൽകുന്ന കാലത്തു ഹിന്ദുക്കൾ മതപഠനത്തിനു വിപരീതികളായിരുന്നു. ഒരു ഇരുപതു കൊല്ലത്തിനു മുമ്പു മുതൽ ആ അഭിപ്രായം മാറുകയും പ്രത്യേകമായ മതവിദ്യാഭ്യാസം നൽകുന്നതിനു ഹൈന്ദവരും സൌകര്യമുണ്ടാക്കുകയും ചെയ്തു എന്നാണു് എന്റെ അറിവ്.

MR. K. P. NILAKANTA PILLAI: മതവിദ്യാഭ്യാസം സ്കൂളിൽ തന്നെ നൽകണമെന്നാണോ മെമ്പറുടെ അഭിപ്രായം?

MR. M. N. NARAYANA MENON: അതെ.

ഹിന്ദുയൂനിവേർസിറ്റിതന്നെ പ്രത്യേകമായിട്ടുണ്ടാകാനുള്ള കാരണങ്ങളിലൊന്നു മതപഠനം ഏർപ്പെടുത്തിയതാണു്. ഹിന്ദുയൂനിവേർസിറ്റിയുടെ ശിലാസ്ഥാപന അവസരത്തിൽ വൈസറായിയായിരുന്ന ഹാർഡിഞ്ചു പ്രഭു പറഞ്ഞതു് എന്റെ ഓർമ്മയിലുണ്ടു്. അതായതു "Education without religion is of no use" (മതബോധത്തോടു കൂടാത്ത വിദ്യാഭ്യാസംപ്രയോജനമില്ല).

എനിക്കും ഈ അഭിപ്രായമാണുള്ളതു്. വിവിധജാതി മതസ്ഥന്മാർ ഒന്നിച്ചു പഠിക്കുന്ന പള്ളിക്കൂടത്തിൽ ഇതെങ്ങിനെ സാധിക്കും എന്നൊരു ചോദ്യമുണ്ടാകാം. എല്ലാ മതങ്ങളേയും ഏറെക്കുറെ ബാധിക്കുന്ന പൊതു തത്വങ്ങൾ ഉണ്ടെന്നാണു ഞാൻ വിശ്വസിക്കുന്നതു. അങ്ങിനെയുള്ള തത്വങ്ങളെ ഒന്നിച്ചുചേർത്തു ചെറിയപുസ്തകങ്ങളായിട്ടുണ്ടാക്കി കുട്ടികളെ പഠിപ്പിക്കാം.

MR. KOMILEZHATHU SANKARAN: ഹിന്ദുക്കളിൽ തന്നെ പല വിഭാഗക്കാരുള്ളതായിട്ടറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. M. N. NARAYANA MENON: ഉണ്ട്.

MR. KOMILEZHATHU SANKARAN : ഹിന്ദുമതത്തെപ്പറ്റി പഠിപ്പിക്കാൻ എത്ര അദ്ധ്യാപകന്മാർ വേണം?

MR. M. N. NARAYANA MENON : അതൊക്കെ പിന്നീട് പറഞ്ഞു മെമ്പറെ സമാധാനപ്പെടുത്തിത്തരാം. എനിക്കുള്ള സമയം പരിമിതമാണ്. അതു ഈ വിധത്തിൽ ചെലവാക്കാൻ നിവൃത്തി ഇല്ലാത്തതിനാൽ മാത്രമാണ് പിന്നീട് പറയാമെന്ന പറയുന്നത്.

MR. KOMILEZHATHU SANKARAN : ഈ സഭയിൽ പറയേണ്ട കാര്യം പിന്നീട് പറഞ്ഞാൽ മതിയോ?

MR. M. N. NARAYANA MENON: വിവിധമതസ്ഥരായ കുട്ടികളെ. അവരവരുടെ മതത്തിൽപെട്ട ആളുകൾക്കു തന്നെ വിദ്യാഭ്യാസം ചെയ്യിക്കാൻ സാധിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

MR. V. S. ARUMUKHAM PILLAI: May I know from the member whether there is a suitable number of hands in the schools for imparting Hindu religious instruction in schools?

MR. M. N. NARAYANA MENON: ഉണ്ടെന്നാണ് എന്റെ വിശ്വാസം. പല സ്കൂളുകളിലും ഞാൻ കണ്ടിട്ടുണ്ട്. ഫസ്റ്റ് ഫോറത്തിലെ ഒരു കണക്കു നോക്കിയതിൽ ബർമ്മായിൽ ഫസ്റ്റ് ൦൦ സ്കൂളുകളിൽ മതപരിശീലനം നടത്തുന്നുണ്ട്. മദ്രാസിൽ ൧൦൦-ം, യു. പി. യിൽ രണ്ടായിരം സ്കൂളുകൾ ഉള്ളതായിട്ടു കാണുന്നു. ഇങ്ങനെ ഇൻഡ്യയുടെ പല ഭാഗത്തും ഹിന്ദുക്കൾക്കായി മതപരിശീലനം നടക്കുവാൻ ധാരാളം സ്കൂളുകളുണ്ട്.

മഹമ്മദീയർക്കു മതപരിശീലനം ഒഴിച്ചു വയ്ക്കുവാൻ പാടില്ല. ക്രിസ്ത്യാനികൾക്കും അത്യാവശ്യമാകുന്നു. ഹിന്ദുക്കളും ഇപ്പോൾ മതപരിശീലനത്തിന് ആഗ്രഹിക്കുന്നു. ബ്രി. ഇൻഡ്യയിലെ സ്ഥിതി ഈ വിധത്തിലാണെങ്കിൽ തിരുവിതാംകൂറിലും ഒന്നു പരീക്ഷിച്ചു നോക്കാവുന്നതാകുന്നു. ക്രിസ്ത്യൻസ്കൂളുകളിൽ ഹിന്ദുമതം പഠിപ്പിക്കുവാൻ സാധാരണ ഹൈന്ദവഅദ്ധ്യാപകന്മാരുണ്ട്. അല്ലെങ്കിൽ സ്കൂളുകളിൽ സ്കൂൾ അധികൃതന്മാർ അതിനു വേണ്ട ഏർപ്പാടുകൾ ചെയ്തു കൊള്ളാം. ഒരവസരത്തിൽ ഒരു ഹൈസ്കൂളിൽ ഒരു ദിവസം ഹിന്ദുമതത്തെപ്പറ്റി പ്രസംഗിക്കുവാൻ സ്കൂൾ അധികൃതന്മാർ എന്നെ ക്ഷണിക്കുകയുണ്ടായി. യഥാശക്തി ഞാൻ കൃത്യം നിർവഹിക്കുകയും ചെയ്തു.

MR. V. S. ARUMUKHAM PILLAI: May I know from the member whether Burma and the United Provinces are not more advanced in education than Travancore?

LIBRARY ARCHIVES Kerala Legislative Assembly

MR. M. N. NARAYANA MENON : ബർമ്മായിൽ അങ്ങിനെയാണെന്നാണ് എനിക്കു തോന്നുന്നതു്. ബർമ്മായിൽ തിരുവിതാംകൂറിലേക്കാൾ കൂടുതൽ പ്രാഥമികവിദ്യാഭ്യാസമുണ്ടെന്നാണു ഞാൻ ധരിച്ചിട്ടുള്ളതു്.

ഇനി എനിക്കു ലൈബ്രറിയെപ്പറ്റിയാണു പറയുവാനുള്ളതു്. കഴിഞ്ഞ ബഡ്ജറ്റു സമ്മേളനാവസരത്തിൽ ഡയറക്ടരുടെ ഒരു മാസത്തെ ശമ്പളംപോലും ലൈബ്രറിക്കു ഗ്രാൻറായി കൊടുക്കുന്നില്ല എന്നു ഞാൻ പറയുകയുണ്ടായി. ബ്രിട്ടീഷ് ഇൻഡ്യയിൽ ധാരാളം സംഖ്യ ലൈബ്രറിക്കായി നീക്കി വച്ചിട്ടുണ്ടു്. അതു പോലെ ഇവിടേയും ഒരു നല്ല തുക നീക്കി വയ്ക്കുയും അതനുസരിച്ചു ഗ്രാൻറു കൊടുക്കയും ചെയ്യണം.

ഇന്നത്തെ വിദ്യാഭ്യാസം അധികവും സാഹിത്യപരമായിപ്പോയി എന്നു പലരും പറഞ്ഞു കഴിഞ്ഞു. ഇന്നു സാങ്കേതിക പരമായ വിദ്യാഭ്യാസമാണു നമുക്കാവശ്യമുള്ളതു്.

Mr. J. JOHN KATTAKAYAM : ഈ റിപ്പോർട്ടു മലയാള വിദ്യാഭ്യാസത്തിനു ഹാനികരമാണെന്നു മെമ്പർക്കഭിപ്രായമുണ്ടോ?

MR. M. N. NARAYANA MENON : എനിക്കഭിപ്രായമില്ല. മലയാളവിദ്യാഭ്യാസത്തിനു ധാരാളം പൈസയും കൊടുത്തിട്ടുണ്ടെന്നാണു ഞാൻ വിശ്വസിക്കുന്നതു്. അതില്ലെന്നു തോന്നുകയാണെങ്കിൽ കൂടുതൽ വാങ്ങിക്കാനും ഞാൻ തയ്യാറാണ്.

MR. V. S. ARUMUKHAM PILLAI : Does the member think that the abolition of Vernacular High Schools is a death-blow to Vernacular education ?

MR. M. N. NARAYANA MENON : വർണാക്കുലർ ഹൈസ്കൂളുകളെല്ലാം ടയിനിങ് സ്കൂളുകളാക്കണമെന്നു പറഞ്ഞിട്ടുണ്ടെന്നുകൂടി ഞാൻ ധരിച്ചു വച്ചിട്ടുണ്ടു്.

MR. V. S. ARUMUKHAM PILLAI : Can the creation of Training Schools in place of Vernacular High Schools improve vernacular education –I mean vernacular literary education ?

MR. M. N. NARAYANA MENON : സാഹിത്യപരമായ നാട്ടുഭാഷാ വിദ്യാഭ്യാസം കഴിയുന്നതും കുറച്ചു തൊഴിലില്ലാത്തവരുടെ സംഖ്യ നാമാവശേഷമാക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. V. S. ARUMUKHAM PILLAI: Can the abolition of Vernacular High Schools and the substitution of Vernacular Training Schools in their place in any way improve Vernacular literary education ?

MR. M. N. NARAYANA MENON: Yes.

LIBRARY ARCHIVES Kerala Legislative Assembly

MR. J. JHON KATTAKAYAM : ഫയർ പരീക്ഷ കൊണ്ടു കിട്ടുന്ന ഫലം ഈ പരിഷ്കാരം വന്നാൽ എങ്ങിനെ കിട്ടും?

MR. M. N. NARAYANA MENON: എട്ടാം ക്ലാസ് കഴിഞ്ഞതിനു ശേഷമാണു ടയിനിങ്ങ് വച്ചിരിക്കുന്നതു്. അതിലേക്കാവശ്യമുള്ള പാഠപുസ്തകങ്ങളും വച്ചാൽ മതി.

MR. K. P. NILAKANTA PILLAI: ടയിനിങ്ങ് കാളേജിൽ കുറെ കുട്ടികളെ പറഞ്ഞയയ്ക്കണമെന്നു മെമ്പർക്കഭിപ്രായമുണ്ടോ?

MR. M. N. NARAYANA MENON: ഉണ്ടു്. ഇവിടെ മൂന്നു കൃഷിപാഠശാലകളുണ്ടെന്നു പറഞ്ഞിട്ടുണ്ടെങ്കിലും അലുവായിലെ പാഠശാല നിർത്തിയിട്ടുള്ളതിനാൽ ഇപ്പോൾ രണ്ടെണ്ണമെയുള്ളൂ. ഈ സ്കൂൾ നിർത്തിയതു് ഒട്ടും ശരിയായില്ല. കഴിയുന്നതും കൂടുതൽ കൃഷിപാഠശാലകളുണ്ടാക്കി അതിൽ നിന്നും ജയിച്ചു പുറത്തുവരുന്ന ആളുകൾക്കു, രാജ്യം മുഴുവനും തന്നെ കാടാക്കണമെന്നു കൺസർവേറ്റർക്കു ആഗ്രഹമുണ്ടെങ്കിലും, ധാരാളം സ്ഥലം കൊടുത്തു ഒരു കാളനിരൂപീകരിച്ചു പ്രവൃത്തിക്കുന്നതിനു വേണ്ട സൌകര്യം ഉണ്ടാക്കി കൊടുക്കണം

MR. J. JOHN KATTAKAYAM : ഓരോ സ്കൂളുകളിലും മാതൃകാതോട്ടങ്ങളും ഉണ്ടാക്കുന്നതിനു കൂടുതൽ ചിലവു വരികയില്ലേ?

MR. M. N. NARAYANA MENON. ചിലവു ചുരുക്കി കൂടുതൽ പ്രയോജനമുണ്ടാകത്തക്കവണ്ണം ഇതു ചെയ്യാൻ സാധിക്കും.

MR. J. JOHN KATTAKAYAM: ഈ തിരുവനന്തപുരം ടൌണിൽ ഒരു മാതൃകാതോട്ടം ഉണ്ടാക്കണമെങ്കിൽ പൊന്നുംവില കൂടുതൽ കൊടുക്കേണ്ടതായി വരികയല്ലേ?

MR. M. N. NARAYANA MENON : ടൌണിൽനിന്നും കുറച്ചു നീങ്ങി പേരൂർക്കടയോ മറ്റോ സ്ഥാപിച്ചാൽ വലിയ പൊന്നും വില കൊടുക്കേണ്ടതായി വരികയില്ല. അവിടെ ഒരു കൃഷി തോട്ടം ഉണ്ടു്.

ഇംഗ്ലീഷ് സ്കൂൾ ലീവിങ്ങ് പരീക്ഷപാസായി മലയാളം പള്ളിക്കൂടങ്ങളിലിരിക്കുന്ന അദ്ധ്യാപകന്മാരെപ്പറ്റി പ്രത്യേകം പറയേണ്ടതായിട്ടുണ്ടു്. വാസ്തവത്തിൽ അവരോടു തീരെ അനുകമ്പയില്ലാതെയാണു പെരുമാറി വരുന്നതു്. ഇതേ പരീക്ഷായോഗ്യതയുള്ള ഇംഗ്ലീഷ് സ്കൂളിലിരിക്കുന്ന അദ്ധ്യാപകന്മാക്കു കൊടുക്കുന്ന ശമ്പളം ഇവക്കു കൊടുക്കാതിരിക്കുന്നതു വലിയ അനീതിയാണു്.

ഡയറക്ടരെ എഡ്യുക്കേഷൻ സെക്രിട്ടറിയാക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. പഞ്ചാബിൽ അങ്ങിനെയാണെ

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ മി. സ്റ്റാത്താം പറയുന്നത്. എന്നാൽ പഞ്ചാബിൽ മിനിസ്റ്റ റി ഭരണമാണുള്ളതെന്നുള്ള കഥ വിസ്മരിച്ചു കളയുന്നു.

MR. J. JOHN KATTAKAYAM ഇവിടെ ഡയറക്ടർ ഉദ്യോഗം സൃഷ്ടിക്കുന്നതിനു മുമ്പു എങ്ങിനെയായിരുന്നു എന്നു മെമ്പക്കറിയാമോ?

MR. M. N. NARAYANA MENON : അതു മെമ്പർ തന്നെ മുമ്പു ഇവിടെ പറഞ്ഞുല്ലോ.

പള്ളിക്കൂടങ്ങൾ അധികവും പ്രൈവറ്റ് ഏജൻസികൾക്കു വിട്ടു കൊടുക്കണം. ഞാൻ ഇങ്ങോട്ടു പോരുമ്പോൾ കോട്ടയത്തിനു ചുറ്റു പാടുമുള്ള മാനേജർമാർ എന്നോടു പറഞ്ഞതു് ഈ റിപ്പോർട്ടനുസരിച്ചു കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനു മുമ്പായി അവരുമായി വേണ്ട ആലോചന നടത്തി അവരെ സമാധാനപ്പെടുത്തണമെന്നാണ്.

MR. K. P. NILAKANTA PILLAI : മാനേജർമാരെ ഏതു വിധത്തിൽ സമാധാനപ്പെടുത്തണം. വിദ്യാഭ്യാസ വിഷയമായിട്ടോ അതല്ല മറ്റു വല്ല വിഷയങ്ങളുമായിട്ടോ?

MR. M. N. NARAYANA MENON: അതൊക്കെ വെളിയിൽ ഇറങ്ങിയിട്ടു പറയാം.

തിരുവിതാംകൂറിൽ ഒരു പ്രത്യേകം യൂനിവേർസിറ്റിയുണ്ടാക്കണമെന്നുള്ളതിനെപ്പറ്റിയാണ് ഇനി എനിക്കു പറയുവാനുള്ളതു്. തിരുവിതാംകൂറിലെ നിലക്കു തനിച്ചു് ഒരിക്കലും ഒരു പ്രത്യേകയൂനിവേർസിറ്റി ഉണ്ടാക്കുന്നതു് നല്ലതല്ല. മുമ്പുണ്ടായിരുന്ന പ്രജാ സഭയിൽ ഇതിനെപ്പറ്റി ഞാൻ പ്രസ്താവിച്ചിട്ടുള്ളതാണ്.

(Mr. J. John Kattakayam interrupted the speaker.)

PRESIDENT : I must ask the members not to interrupt a speaker inthe midlle of a sentence. I must ask Mr. Komilezhathu Sankaran especially not to do it.

MR. M. N. NARAYANA MENON ഒരു കേരള സർവ്വകലാശാല ഉണ്ടാക്കാൻ തിരുവിതാംകൂറിൽനിന്നു് എത്ര പണം ചിലവാക്കിയാലും അതു അധികമായി പോയി എന്നു് എനിക്കഭിപ്രായമില്ല. കേരളീയർ ഇൻഡ്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭാഗക്കാരാണെന്നാണു ഞാൻ അഭിമാനിക്കുന്നതു്. തിരുവിതാംകൂർ, കൊച്ചി, മലബാർ ഈ മൂന്നു രാജ്യങ്ങൾക്കു് ഒരു സർവകലാശാല ഉണ്ടാക്കാൻ സാധിച്ചാൽ വിദ്യാഭ്യാസവിഷയത്തിൽ അതിൽ പരമായി മറ്റൊന്നും ചെയ്യാനില്ല. ഇന്നു് ഒരു സർവകലാശാലയുടെ വേണ്ടി മുന്നിട്ടു നിന്നു പ്രവൃത്തിക്കാൻ തിരുവിതാംകൂറിനെ പോലെ മറ്റാർക്കും തന്നെ സാധിക്കയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

അടുത്ത കാലത്തു ഭരണസംബന്ധമായി ഇൻഡ്യയിൽ പല വ്യവസ്ഥകളും വരാനുണ്ടെന്നു നമുക്കെല്ലാവർക്കും ഏറെക്കുറെ അറിയാം. അങ്ങിനെ വരുമ്പോൾ ഒരു ഭാഷ സംസാരിക്കുന്ന ആളുകൾ ഒന്നിച്ചു കൂടുകയും കേരളം ഒരു പ്രാവിൻസാക്കുകയും ചെയ്യുന്നപക്ഷം അതു നന്നായിരിക്കും. അതിനാൽ ഒരു കേരള സർവകലാശാലയാണു നമുക്കു ആവശ്യം.

PRESIDENT: Your time is up.

MR. M. GOVINDAN (*Nominated*): Sir, I wish to make a few observations regarding the report of the Travancore Education Reforms Committee and, in doing so, I wish to assure the House that I am not going to criticise all the recommendations or any of the important recommendations made by the committee. But I am going only to supplement the observations in the report and in doing so to place before the House some aspects of the questions discussed on which I have to express briefly some points of difference. I propose to consider six points, *viz.*,

(1) Controlling Agency;
(2) the principle of compulsion;
(3) married women in service;
(4) religious instruction;
(5) Sanskrit education; and
(6) college fees.

First, with regard to control. The report is a very well considered one generally speaking. It is very difficult to criticise any recommendation entirely because the various aspects of the questions have been dealt with from all points of view. That the committee should have been able to accomplish such a task so satisfactorily within such a short time is highly commendable. I think that the recommendation with regard to the appointment of the Educational Secretary as Director is a very good recommendation for the present. I do not say that both the offices should be combined for all time. Now we are in a transitional stage and very important reforms are going to be introduced and it is both desirable and necessary to secure the services of the very gentleman who was responsible for making these recommendations to put them into practice. To do so he has to be in constant touch with the head of the administration for giving competent advice. I say so because many of the recommendations we find in the report are apparently so difficult to be put into practice. A distinguished educationalist of the ability of Mr. Statham is now available to us that is what I understand—and if his services have been secured by Government to be both the Director of Public Instruction and Secretary to Government in matters educational, I consider it an acquisition and the Government have to be congratulated on its success in securing his services.

MR. V. S. ARUMUKHAM PILLAI: May I know from the member whether the reasons assigned for his appointment will not equally apply to other departments also?

LIBRARY ARCHIVES Kerala Legislative Assembly

MR. M. GOVINDAN: We are not making any important reforms in other departments. When the Medical Department is being reorganised completely, I would have no objection to the lady member on the opposite side being the Secretary to Government in Medicine.

MR. M. N. PARAMESVARAN PILLAI: May I know from the member whether the Director of Public Instruction will be able to note the defects in his own recommendations if he is allowed to carry out his recommendations?

MR. M. GOVINDAN: I believe there is the Dewan also to reckon with, and the Secretary's or the Minister's advice is not always accepted.

MR. M. N. PARAMESVARAN PILLAI: Is not the Director of Public Instruction in British India under a Minister in charge of the educational portfolio?

MR. M. GOVINDAN: May be. Conditions are different here. I have already explained how. My friend ignores the fact that we are at a particular crisis in the history of education in Travancore and it is at this juncture such a measure is necessary temporarily. I do not say that combination of the two appointments should be permanent; I began by saying that.

MR. K. MADHAVAN PILLAI: Is the member aware that Mr. Statham himself has not referred to this aspect of the matter in his speeches both here and in the Assembly?

MR. M. GOVINDAN: Any how, I think it is a matter worth mentioning in view of criticism from some members.

MR. K. P. NILAKANTA PILLAI: May I know in what matters the Director has to consult the Dewan direct?

MR. M. GOVINDAN: As a matter of practice, he has to communicate with the Dewan through an officer who is not an expert in education. In the committee's report itself it is stated that an Assistant Secretary through whom correspondence passes is not expected to know much of education.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Does the member know that the Dewan elect was a member of the Government of India for 5 years representing the educational portfolio?

MR. M. GOVINDAN: May be.

MR. M. N. PARAMESVARAN PILLAI: May I know whether it is not bad policy to entrust the president of the committee to carry out the recommendations made by him?

MR. M. GOVINDAN: I think it is a very good policy so that the recommendations may be carried out in their entirety and to the satisfaction of all concerned.

MR. M. N. PARAMESVARAN PILLAI: May I know whether that policy has been followed in British India in the matter of any committee?

LIBRARY ARCHIVES Kerala Legislative Assembly

MR. M. GOVINDAN : I do not claim knowledge of every thing that is being done in British India.

MR. KOCHIKAL P. BALAKRISHNAN TAMPI : (*Mavelikara and Kartikapalli* cum *Kunnattur*) : May I know whether there are medical experts in the Secretariat ?

MR. M. GOVINDAN : I do not know that. But I may assure the member that education stands on a different footing altogether and now, as I have already told the House, the presence of an expert is more than ever necessary in the Secretariat.

MR. M. N. PARAMESVARAN PILLAI: Is the Dewan of Travancore expected to be an expert on educational matters ?

MR. M. GOVINDAN : Yes, to a degree.

In regard to compulsion, I am sorry, the recommendation of the committee is not satisfactory. I agree with my friend Mr. Narayana Menon in most of what he said in his very able speech. The report disposes of the whole matter of compulsion in a short paragraph with the result that the introduction of compulsion is indefinitely postponed. The committee points out certain evils in the present system and according to them these evils have to be first cured, and then only compulsion can be introduced. I beg to submit that that tantamounts to shelving the question altogether. Some of the evils mentioned are abolition of stagnation and the completion of all incomplete schools. It will take a long time indeed to accomplish the removal of such defects. That we should wait for introduction of compulsion till that time is not in my view proper advice. In the first place we have got a mass of illiteracy in this land. Although it is 116 years since Her Highness Rani Gouri Parvathi Bai issued her famous Rescript which is being often quoted here, undertaking the entire cost of education and proclaiming that the avowed policy is to spread enlightenment among the masses, what do we find after all these years of educational effort both on the part of Government and on the part of private agencies ? Among the Nayars, to-day, who are one of the most advanced communities in this land, we have 54per cent of illiteracy ; among the Ezhavas 72 per cent., among the Pulayas 95 per cent., among the Parayas, 95. I say this is a very gloomy picture. Unless we are able tospread literacy in the land and to achieve better results in mass education, our people will not be fit for local selfgovernment and other democratic institutions. We are spending as everybody knows 23·6 per cent. of the total revenues of the State on education. The report says that the results are not commensurate with the huge expenditure that is now incurred. That is a very alarming statement. We want the results to be satisfactory. What is the best way to prevent the huge wastage ? Now, of the 27 lakhs or so that we are spending on primary education, more than half is wasted is seen from the fact that less than 50 per cent. of the boys that enter the school come out with permanent literacy. And the proportion of boys attending school to the proportion of boys of school-going age is small. How are we to compel the



LIBRARY ARCHIVES Kerala Legislative Assembly

[Mr. M. Govindan.]

attendance of children who are not going to school, children of communities who have not yet devoloped the school-going habit ? The only way to effect that is by way of compulsion. I am afraid, the committee, when they made their recommendation, had before them more of consideration of economy than of educational need. Of course, economy is very necessary. But there are matters of supreme importance which we have to undertake inspite of some expenditure. When we waste 13 to 15 lakhs of rupees by the falling of boys in school attendance, how to secure it so as to utilise this huge sum of money which is going as waste ? The only method of doing so is by complusion. A little more expenditure of money may be needed to provide school houses in some areas. I do not say we should undertake this complusion throughout Travancore all at once. We may take selected areas. The report says that in some places there are over-lapping schools. Let us survey the educational needs of those places and see whether such schools may not be necessary when we introduce compulsion. As already suggested, in municipal areas we may try compulsion and then extend it to other areas. Government should find it easy to introduce and extend compulsory education in towns like Trivandrum, Alleppey, Nagercoil, Kottayam, etc. My impression is that it is not possible to secure attendance of children who have not acquired school-going habit without introducing a small measure of compulsion for which, about two decades ago, a friend of mine introduced a Bill in the Legislature. It was suggested then that a small educational cess might be levied. But the mover of the Bill was not agreeable to such a proposal, and the measure was dropped. I am agreeable to the introduction of a cess. I am sure the people will not grudge payment of a small tax for the sake of such an important measure.

Next I would like to say a few words about married women in service. This is a vexed question. There is a lady member in this House who is strong in her opinion that married women should all leave service. I know that it is not an unqualified recommendation which the Reforms Committee has made in this matter. Even the recommendation so far as it goes will work great hardship on married women. In Travancore, Sir, the women are earners. This is what the Census Commissioner says :

> "The women of Travancore are not kept in purdah, as those in Northern India. Except in some minor communities like the Namputiri Brahmin and a few sections of the Muslims, they are as free as men. The spread of education among women has enabled many of them to compete with men in different walks of life. . . . . The Ezhava women are engaged largely in coir yarn industry and are also land-holders. The proportion of women to men having independent means of livelihood in this community is, therefore, 330 to 1,000. Nayars are chiefly agriculturists. Both men and women possess property. The women are well advanced in education and a large number of them are employed in Government service."

The large proportion of women appearing as earners in the report is due to the fact that many of them hold appointments in schools. The result of carrying out the proposal of the committee will be to throw them out of employment and I submit that it is a great hardship.

LIBRARY ARCHIVES Kerala Legislative Assembly

In the first place it is inadvisable for Government to introduce a measure which will be considered to be opposed to public policy. This will cause restraint of marriage indirectly. Suppose there is an agreement with a woman who is now entering service that she will not go into wedlock. Suppose she, after sometime, feels that she should marry. She is free to marry. No court of law can prevent her from doing it. If the Government takes a written agreement from her, it will be unenforceable being repugnant to public policy. What we cannot do in law, we should not do by an executive act.

MR. M. N. PARAMESVARAN PILLAI: Is it not open to Government to dismiss her?

MR. M. GOVINDAN: What I say is, it is not proper to do so. I do not say it is not open to Government. I admit the competency of Government to adopt the recommendation.

PRESIDENT: You have exceeded the time.

MR. M. GOVINDAN: I wish to make myself clear that it will not be proper to do so. The question of propriety is one thing and the question whether the Government is competent to do a thing or not is quite another. I submit that in Travancore women generally expect to become married, not to speak of certain Hindu communities to whom, as my friend Mr. Padmanabhan Tampi said, it is a necessary sacrament, a *sanskara*, something like *Upanayanam*. If *Upanayanam* is not performed, a man is not a *Dwija*. Similarly, a woman has to get herself married in the case of certain communities. But in the case of the larger communities in Travancore, although marriage is not a necessary *Samskara*, it is not normal for the woman to remain unmarried, and nothing should be done by Government to prevent her from entering into lawful wedlock. So, my plea is that women's employment should not be prevented by any measure calculated to throw her out of employment.

PRESIDENT: Your time is up.

MR. M. GOVINDAN: I want to speak about Sanskrit education.

PRESIDENT: I am sorry, Mr. Govindan.

MR. N. K. PADMANABHA PILLAI (*Neyyattinkara* cum *Nedumangad*): സർ, നിശ്ചിതസമയത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്ന കമ്മിറ്റികൾ ഈ നാട്ടിൽ വളരെ കുറവായിരിക്കെ വിദ്യാഭ്യാസപരിഷ്ക്കരണക്കമ്മിറ്റി റിപ്പോർട്ട് അനുവദിച്ചിരുന്ന കാലത്തിനുള്ളിൽതന്നെ സമർപ്പിച്ചതിലേക്ക് ഈ കമ്മിറ്റിയെ ഹാർദ്ദമായി ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു. ഈ കമ്മിറ്റിയിലെ അദ്ധ്യക്ഷനായിരുന്ന ആളിന്റെ കർമ്മകുശലതയേയും, ബുദ്ധിസാമർത്ഥ്യത്തേയും, വിമർശനസാമർത്ഥ്യത്തേയും ഈ റിപ്പോർട്ടിൽ പ്രദർശിപ്പിച്ചിട്ടുണ്ടെന്നുവരികിലും അദ്ദേഹത്തിന് ഈ നാട്ടിലെ സ്ഥിതിഗതികളെപ്പറ്റി നല്ല പരിജ്ഞാനമില്ലാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Padmanabha Pillai.]

ന്നുള്ള സംഗതിനിമിത്തം റിപ്പോർട്ടിൽ പല പ്രമാദങ്ങളും വന്നിട്ടുണ്ടെ ള്ളതു സമ്മതിക്കാതെ തരമില്ല. അദ്ദേഹത്തിന്റെകൂടെ കമ്മിറ്റിയിലു ണ്ടായിരുന്ന രണ്ടംഗങ്ങളിൽ ഒരാൾ ട്രെയിനിംഗ് കാളേജിലെ ഒരു ലക്ചറും മറ്റൊരാൾ ഒരു എയിഡഡ് സ്കൂളിലെ ഉദ്യോഗസ്ഥനും മാത്രമായിരുന്നു എന്ന സംഗതിയും സാരമായ വിമർശനത്തിനു കാരണമായിട്ടുണ്ട്. റിപ്പോർട്ടിൽതന്നെ പല ന്യൂനതകളുമുണ്ട്. ഈ നാട്ടിൽ മി. സ്റ്റാത്താമിനേപ്പോലെയൊ അതിൽക്കുടുതലായൊ യോഗ്യതയുള്ള പല മാന്യന്മാരും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലും, വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ജോലിയിലിരുന്നു പെൻഷൻവാങ്ങിച്ചവരായും ഉള്ള സ്ഥിതിക്ക് അവരിൽ ആരെയും ഈ കമ്മിറ്റിഅംഗങ്ങളായി നിയമിക്കാത്തതിന്റെ കാരണം മനസ്സിലാകുന്നില്ല.

MR. M. GOVINDAN : കമ്മിറ്റിയിൽ നിയമിക്കപ്പെട്ടിരുന്ന മറ്റുരണ്ടു മെമ്പർമാരും വിദ്യാഭ്യാസവിഷയത്തിൽ വിദഗ്ദ്ധന്മാരല്ലേ?

MR. N. K. PADMANABHA PILLAI : അക്കാര്യംതന്നെ സംശയമാണ്. വിദഗ്ദ്ധന്മാരാണെന്നവരുകിൽതന്നെയും മി. സ്റ്റാത്താം ഇവിടത്തെ ഡയറക്ടറായി നിയമിക്കപ്പെട്ടുമെന്നു അവർ അറിഞ്ഞിരിക്കുന്നകാലത്തോളം; അവർ അദ്ദേഹത്തിന്റെ കീഴിൽ ജോലിചെയ്യേണ്ടിയിരിക്കുന്നതുകൊണ്ട്, അവർക്കു പ്രത്യേകമായ വല്ല അഭിപ്രായവുമുണ്ടെങ്കിലും, മി: സ്റ്റാത്താമിന്റെ അഭിപ്രായത്തിനു വിപരീതമായി അതു പറയുവാൻ അവർ ശക്തിയുള്ളവരായിരിക്കും എന്നു ഞാൻ വിചാരിക്കുന്നില്ല.

ഈ റിപ്പോർട്ടിൽ ഞാൻ മുഖ്യമായിട്ടു കാണുന്നതു രണ്ടു ന്യൂനതകളാണ്. അതായതു നാട്ടുഭാഷാവിദ്യാഭ്യാസത്തെ അടിച്ചമർത്തും, ഉയന്തരം ഇംഗ്ലീഷ്വിദ്യാഭ്യാസം പണക്കാർക്കുമാത്രമെ പാടുള്ളു എന്നാക്കിത്തീർത്തുമാകുന്നു. നാട്ടുഭാഷാവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂർ നാടുരാജ്യങ്ങളിൽ മുന്നിട്ടുനിൽക്കുന്നു എന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതു പല കാലങ്ങളിലുമിരുന്ന ദിവാൻജിമാരുടെയും, ഡിപ്പാർട്ടുമെൻറുമേലധ്യക്ഷന്മാരുടെയും മഹാരാജാവുതിരുമനസ്സിലേയും ഉപദേശപ്രകാരം അപ്പോഴപ്പോഴും വേണ്ട പരിഷ്ക്കാരങ്ങളും വരുത്തിയതുകൊണ്ടാകുന്നു. നല്ല പരീക്ഷ നാട്ടുഭാഷാവിദ്യാഭ്യാസത്തിനുവച്ചു അതിന് ഉയന്നസ്ഥാനവും കല്പിച്ചിട്ടുണ്ട്. പ്രാഥമികവിദ്യാഭ്യാസം ഒന്നുമുതൽ ൪വരെ ക്ലാസുകളംവരെ വേണമെന്നാണു

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടിൽ പറയുന്നതു്. അതു വളരെ നല്ലതുതന്നെ. ഒന്നുമുതൽ ൪ വരെ ക്ലാസുകളിൽ ബാലികാബാലന്മാരെ ഒന്നിച്ചിരുത്തി പഠിപ്പിക്കുന്നതിലും വിരോധമില്ലെന്നാണു് എന്റെ അഭിപ്രായം. ഇങ്ങനെയുള്ള പള്ളിക്കൂടങ്ങളിൽ സ്ത്രീവാദ്ധ്യാന്മാരെ വേണം നിയമിക്കാൻ എന്നുകൂടിഎനിക്കഭിപ്രായമുണ്ടു്. കുട്ടികളെ ശരിയായവിധം പരിശീലിപ്പിക്കുന്നതിനും സാന്മാർഗ്ഗീകനിഷ്ഠ പാലിക്കുന്നതിനും ആൺ വാദ്ധ്യാന്മാരെക്കാൾ പെൺവാദ്ധ്യാന്മാരാണു നല്ലതെന്നാണു ഞാൻ വിചാരിക്കുന്നതു്. ഈവക പള്ളിക്കൂടങ്ങളുടെ പരിശോധനാധികാരം ഇൻസ്പെക്ടന്മാർക്കു നൽകണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല.

Mr. J. JOHN KATTAKAYAM : സാധാരണ ആൺ പള്ളിക്കൂടങ്ങളൊ, അതല്ല പെൺപള്ളിക്കൂടങ്ങളൊ ഏതാണു മോശമായിരിക്കുന്നതെന്നു മെമ്പർക്കു പറയാമൊ?

Mr. N. K. PADMANABHA PILLAI : പ്രായേണ ആൺപള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുന്ന രീതി വളരെ മോശമായിരിക്കുന്നതുകൊണ്ടു് അവിടത്തെ പരീക്ഷാഫലവും വളരെ മോശമായിരിക്കുന്നു.

Mr. J. JOHN KATTAKAYAM : ആൺപള്ളിക്കൂടങ്ങളെഅപേക്ഷിച്ചു പെൺപള്ളിക്കൂടങ്ങളിലെ പരീക്ഷാഫലം തൃപ്തികരമല്ല എന്നു മെമ്പക്കഭിപ്രായമുണ്ടൊ?

Mr. N. K. PADMANABHA PILLAI : എന്നെനിക്കഭിപ്രായമില്ല. നേരെ മറിച്ചു ചില പെൺപള്ളിക്കൂടങ്ങളിൽ ആൺപള്ളിക്കൂടങ്ങളെക്കാൾ പരീക്ഷാഫലം നല്ലതാണെന്നു എന്റെ നാട്ടിൽതന്നെ ദൃഷ്ടാന്തമായി എനിക്കു പറയുവാൻ കഴിയും.

അതിനാൽ ഇങ്ങനെയുള്ള സ്കൂളുകൾ ഇൻസ്പെക്ടസ്സുമാർ തന്നെ പരിശോധിക്കണമെന്നാണു് എന്റെ അഭിപ്രായം. സ്വല്പകാലത്തിനു മുമ്പു് ഇൻസ്പെക്ടർമാർ പെൺപള്ളിക്കൂടങ്ങൾ പരിശോധിച്ചുകൊണ്ടിരുന്നകാലത്തു പല തകരാറുകളും ഉണ്ടാവുകയും, പ്രജാസഭയിലും നിയമസഭയിലും അതിനെപ്പറ്റി വാദപ്രതിവാദം നടത്തുകയും, പല ക്ഷോഭങ്ങളുമുണ്ടാവുകയും ചെയ്തതിന്റെ ഫലമായിട്ടാണു് ഇൻസ്പെക്ടസ്സുമാരെ നിയമിക്കാനിടയായിട്ടുള്ളതു്. വീണ്ടും പഴയനടപടിതന്നെ തുടരണമെന്നു പറയുന്നതു ഒട്ടും ആശാസ്യമല്ല.

൩-ാം ക്ലാസുമുതൽ ൫-ാം ക്ലാസുവരെയുള്ള പള്ളിക്കൂടങ്ങളുമുണ്ടായിരിക്കണമെന്നാണു് എനിക്കിനി പറയുവാനുള്ളതു്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Padmanabha Pillai.]

പറയുന്നതു് ഒന്നുമുതൽ അഞ്ചുവരെ ക്ലാസുകൾ പ്രാഥമികപാഠശാലകളിൽ വേണമെന്നും പിന്നീടു മലയാളംസ്കൂളിലെ എല്ലാക്ലാസുകളിലും ഇംഗ്ലീഷ് നിർബന്ധമായി പഠിപ്പിക്കണമെന്നും ശേഷം വിഷയങ്ങളെല്ലാം മലയാളത്തിൽതന്നെ പഠിപ്പിക്കണമെന്നുമാണു്.

MR. J. JOHN KATTAKAYAM : സാധാരണ പ്രാഥമികവിദ്യാലയങ്ങളിൽ ആണ്കുട്ടികളെയും പെൺകുട്ടികളെയും ഒന്നിച്ചുവച്ചിരിക്കുന്നതു് അഭിലഷണീയമാണോ?

MR. N. K. PADMANABHA PILLAI: അല്ല.

MR. J. JOHN KATTAKAYAM : പെൺകുട്ടികൾ താഴ്ന്ന ക്ലാസിലെ പഠിപ്പിക്കാൻ പാടൊള്ളൂ എന്നു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിന്റെ കാരണമെന്താണു്? അതു അഭിലഷണീയമാണോ?

MR. N. K. PADMANABHA PILLAI : അതും അഭിലഷണീയമല്ല.

സ്ത്രീവിദ്യാഭ്യാസത്തിന്റെ ചുമതല സ്ത്രീകൾക്കുതന്നെകൊടുക്കണം. ഞാൻ മുമ്പു പറഞ്ഞപോലെ മലയാളം പള്ളിക്കൂടങ്ങളിൽ ഇംഗ്ലീഷ്നിർബന്ധമായി പഠിപ്പിക്കയും ഒൻപതാംക്ലാസുവരെ വച്ചുകൊണ്ടിരിക്കയും ചെയ്താൽ ഒന്നുമുതൽ നാലുവരെയുള്ള ഇംഗ്ലീഷ്സ്കൂളിലെ ഫാറങ്ങൾ നിർത്തൽചെയ്യാം. ഫോർത്ത്ഫാറം പരീക്ഷക്കുപകരം ഒൻപതാംക്ലാസിൽ ഒരു പരീക്ഷയും വയ്ക്കാം.

മലയാളം എട്ടാംക്ലാസുജയിച്ചാൽ കൊടുക്കാമെന്നു നിശ്ചയിച്ചിരിക്കുന്ന ഉദ്യോഗത്തെ സംബന്ധിച്ചാണു് ഇനി എനിക്കു പറയുവാനുള്ളതു്. അങ്ങിനെയുള്ളവർക്കു പ്യൂൺവേലയൊ പൊലീസ്കാൺസ്റ്റബിൾജോലിയൊ മാത്രം കൊടുത്താൽ മതിയെന്നാണു പറഞ്ഞിരിക്കുന്നതു്. അതു ഈ നാട്ടിലെ സ്ഥിതിക്കു നാട്ടുകാരെ മനഃപൂർവ്വം അപമാനിച്ചതല്ലേ എന്നുകൂടി എനിക്കു സംശയമുണ്ടു്. ഇപ്പോൾതന്നെ ഇംഗ്ലീഷ് പരിജ്ഞാനമില്ലാത്ത പല ആളുകളും ഉയർന്ന ഉദ്യോഗത്തിലിരിക്കുന്നുണ്ടു്.

ഇനി എനിക്കു പറയുവാനുള്ളതു വിവാഹിതകളായ സ്ത്രീകൾ അദ്ധ്യാപികമാരായിരിക്കാൻ പാടില്ലെന്നു റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതിനെപ്പറ്റിയാണു്. വിവാഹിതകളായ സ്ത്രീകൾ അദ്ധ്യാപികമാരായിരിക്കുന്നതു സാന്മാർഗ്ഗികനിഷ്ഠ പരിപാലിക്കാൻ വളരെ നല്ലതാണെന്നാണു എന്റെ അഭിപ്രായം. ഇപ്പോൾ ജോലിയിലിരിക്കുന്ന വിവാഹിതകളായ സ്ത്രീകളെക്കൂടി മാറ്റണമെന്നു റിപ്പോർട്ടിൽ പറയുന്നുണ്ടു്. അതു ഒരിക്കലും ശരിയല്ല. പരിശോധനാധികാരികളായും ഇങ്ങനെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകളെ നിയമിക്കാൻ പാടില്ലെന്നു റിപ്പോർട്ടിൽ പറയുന്നതും തെറ്റാണു്.

Mr. M. GOVINDAN : വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ കായ്ക്ഷമതയുള്ള വിവാഹിതകളായ സ്ത്രീകളെ നിയമിക്കുന്നതല്ലേ കുറേ ക്രൂടിനല്ലതു്?

Mr. N. K. PADMANABHA PILLAI: അതെ.

അന്യരാജ്യങ്ങളിലോ അന്യമതക്കാരുടെ ഇടയിലൊ ഉള്ള ഒരു നടപ്പല്ല ഇവിടെയുള്ളതു്.

Mr. K. P. NILAKANTA PILLAI; വിവാഹിതകളായ സ്ത്രീകൾക്കു അവിവാഹിതകളായ സ്ത്രീകളേക്കാൾ കൂടുതൽ സമയം കിട്ടുമെന്നുള്ളതുകൊണ്ടാണോ കായ്ക്ഷമത കൂടുതലുണ്ടെന്നു പറഞ്ഞതു് ?

Mr. N. K. PADMANABHA PILLAI: വിവാഹിതകളായ സ്ത്രീകൾക്കും ധാരാളം സമയം കിട്ടുന്നുണ്ടെന്നു മാത്രമല്ല, യാതൊരു പരാതിയും കൂടാതെ അവർ ജോലിചെയ്യും വരുന്നു.

Mr. K. P. NILAKANTA PILLAI: വിവാഹിതകളായ സ്ത്രീകൾക്കു സാന്മാർഗ്ഗീകനിഷ്ഠ കൂടുമെന്നു പറഞ്ഞതിനെ ഒന്നു വിശദീകരിക്കാമോ?

Mr. N. K. PADMANABHA PILLAI: അതു ഈ സഭയിൽ വച്ചു വേണമെന്നു ഞാൻ വിചാരിക്കുന്നില്ല. വേണമെങ്കിൽ പിന്നൊരവസരത്തിൽ ഞാൻ അതു പറയാം. ഈ സംഗതിയെപ്പറ്റി എന്നെക്കാൾ കുറച്ചുകൂടി മെച്ചക്കുറിയാമെന്നാണ് ഞാൻ വിചാരിക്കുന്നതു്.

ഫീസിനെ സംബന്ധിച്ചാണു് ഇനി രണ്ടു വാക്കു് എനിക്കു പറയുവാനുള്ളതു്. ജനസാമാന്യം ഭ്രാന്തികൊടുക്കാൻ നിവൃത്തിയില്ലാതെ ബുദ്ധിമുട്ടുന്ന ഈ അവസരത്തിൽ യാതൊരു കാരണവശാലും ഫീസു കൂട്ടാൻ പാടില്ലാത്തതാണു്. ഇപ്പോൾതന്നെ സ്കൂൾ ഫീസു സമയത്തു കൊടുക്കാൻ സാധിക്കാതെ ഫയിനോടുകൂടിയാണു് മിക്കവരും കൊടുത്തുവരുന്നതു്. ഞാൻ മുമ്പു പറഞ്ഞതുപോലെ ഇംഗ്ലീഷിലുള്ള ഒന്നുമുതൽ നാലുവരെ ഫ്ലാറങ്ങൾ നിർത്തിയാൽ തീച്ചയായും വാദ്ധ്യാന്മാരുടെ ശമ്പളം കുറെ കുറക്കാം. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ൪൦-രൂപയിൽ കുറഞ്ഞശമ്പളക്കാരില്ല. അവരെ കുറെ കുറയ്ക്കുന്നപക്ഷം കുറെ ആദായമുണ്ടാകും.

Mr. J. JOHN KATTAKAYAM : വിദ്യാഭ്യാസനികുതി വയ്ക്കണമെന്നു റിപ്പോർട്ടിൽ പറഞ്ഞിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. K. PADMANABHA PILLAI : അതും പാടില്ല. ഏതു വിദ്യാഭ്യാസവും വ്യയസാദ്ധ്യമാക്കരുതു്; അതായതു് സാധുക്കളായ കുട്ടികൾക്കും പഠിച്ചു മുന്നോട്ടുവരാൻ ബാധകമായിരിക്കരുതു്. ഈ നാട്ടിലെ ചില ഉദ്യോഗസ്ഥന്മാർ വളരെ സാധുകുടുംബങ്ങളിൽനിന്നു പഠിച്ചു മുന്നോട്ടുവന്നു് നല്ലസ്ഥിതിയിൽ എത്തിയിട്ടുള്ളവരാണെന്നു എല്ലാവർക്കും അറിയാം. ഈ റിപ്പോർട്ടുകൊണ്ടു് സാധുക്കളായ കുട്ടികളാരും പഠിച്ചു മുന്നോട്ടു വരരുതെന്നാണു് കാണുന്നതു്. അതു ഒരിക്കലും ശരിയായിട്ടുള്ളതല്ല.

MR. KOCHIKAL P. BALAKRISHNAN TAMPI : Has the member read the provision for scholarships for poor children in the report?

MR. N. K. PADMANABHA PILLAI : അതു് മുന്നോട്ടു വരുന്നെങ്കിലല്ലേ സാധിക്കുകയൊള്ളൂ.

MR. M. GOVINDAN : സ്കൂൾ ഫീസു് വർദ്ധിപ്പിച്ചാൽ അധികം തക്കം ബാക്ക് വേർഡ് ക്ലാസ്സിനും വിദ്യാഭ്യാസത്തിനു നിവൃത്തിയില്ലാതെവരുമെന്നു് മെമ്പർക്കറിയാമോ?

C1

MR. N. K. PADMANABHA PILLAI : അറിയാം. അതുകൊണ്ടാണു് ഫീസു് വർദ്ധിപ്പിക്കരുതെന്നു് പറഞ്ഞതു്.

MR. C. M. JOSEPH (*Changanachery* cum *Peermade*) : കാടേജിൽനിന്നും പുറത്തു വരുന്നവർക്കെല്ലാം ഉദ്യോഗത്തിൽ പ്രവേശിക്കണമെന്ന വിചാരമായിരിക്കയില്ലേ?

MR. N. K. PADMANABHA PILLAI : ആ ഉദ്ദേശം മാത്രമേ ഉണ്ടായിരിക്കയൊള്ളൂ എന്നും ഞാൻ പറയുന്നില്ല. യാതൊരു പഠിത്തവുമില്ലാതെ തെരുവുനീളെ നടക്കുന്നവരെക്കാൾ പഠിച്ചു് തൊഴിലില്ലാതെ നടക്കുന്നതു കുറേക്കൂടി നല്ലതാണു, അങ്ങിനെയുള്ളവരുടെ സ്വഭാവമെങ്കിലും നന്നായിരിക്കും.

MR. C. M. JOSEPH : വിദ്യാഭ്യാസത്തിന്റെ പരമകാഷ്ഠ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ മാത്രമാണോ സ്ഥിതിചെയ്യുന്നതു്?

MR. N. K. PADMANABHA PILLAI : അല്ല, പക്ഷേ കാലസ്ഥിതിക്കു് കുറെ ഇംഗ്ലീഷ് വിദ്യാഭ്യാസം കൂടാതെ കഴികയില്ലെന്നാണല്ലോ വന്നിരിക്കുന്നതു്.

ഇനി ദേവസ്വം ഫണ്ടിനെപ്പറ്റി പറയാം അതു് വിദ്യാഭ്യാസ ആവശ്യത്തിലവിനായി ഉപയോഗിക്കാമെന്നും എന്റെ ചില സ്നേഹിതന്മാർ പറഞ്ഞു. ദേവസ്വം ഫണ്ടുകൊണ്ടു ദേവസ്വം സ്കൂളുകൾ ഏർപ്പെടുത്തുന്നതിൽ വിരോധമില്ല. അല്ലാതെ.....

LIBRARY ARCHIVES Kerala Legislative Assembly

MR. M. GOVINDAN : ദേവസ്വം ഫണ്ടിൽനിന്നും പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിൽ വിരോധമുണ്ടോ?

MR. N. K. PADMANABHA PILLAI : യാതൊരു വിരോധവുമില്ല. അതു് ആ ഫണ്ടിന്റെ ഉടമസ്ഥക്കായിരിക്കണം.

പള്ളിക്കൂടങ്ങൾ പ്രത്യേകമായ പ്രൈവറ്റ് ഏജൻസികൾക്കു വിട്ടുകൊടുക്കാൻ പാടില്ല എന്നാണു് എന്റെ അഭിപ്രായം. പിന്നെ മുനിസിപ്പാലിറ്റികൾ മനഃപൂർവ്വമായി വിചാരിച്ചാൽ സ്കൂൾ നടത്താൻ സാധിക്കും.

Mr. J. JOHN KATTAKAYAM : പ്രൈവറ്റ് ഏജൻസികൾ ഇപ്പോഴുമായി സ്കൂളുകൾ നടത്തിവരുന്നില്ലേ?

MR. N. K. PADMANABHA PILLAI : ചിലതു് തൃപ്തികരമായി നടക്കുന്നുണ്ടു് എങ്കിലും അധികവും ദോഷമായിട്ടാണു് നടക്കുന്നതു്.

MR. J JOHN KATTAKAYAM: പ്രത്യേകമാളുകളുടെ നിയന്ത്രണത്തിൻകീഴിൽ കൊടുക്കുന്നതുകൊണ്ടു് വിരോധമുണ്ടോ?

MR. N K. PADMANABHA PILLAI: അങ്ങിനെ കൊടുക്കാൻ പാടില്ല.

MR. KOMILEZHATHU SANKARAN : ഏതെങ്കിലും മുനിസിപ്പാലിറ്റി നേരിട്ടു സ്കൂൾ നടത്തുന്നതായി മെമ്പർക്കു് അറിയാമോ?

MR. N. K. PADMANABHA PILLAI: ഇപ്പോഴില്ല.

MR. P. PADMANABHAN TAMPI: മുനിസിപ്പാലിറ്റികളിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തേണ്ട ചുമതല മുനിസിപ്പാലിറ്റിക്കില്ലേ?

MR. N. K. PADMANABHA PILLAI : ഉണ്ടു്.

MR. P. PADMANABHAN TAMPI : മെംബർക്കു മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം നല്ല പരിചയമില്ലേ?

MR. N. K. PADMANABHA PILLAI : ഉണ്ടെന്നാണു് തോന്നുന്നതു്.

MR. P. PADMANABHAN TAMPI: മെമ്പർ ഒരു മുനിസിപ്പാലിറ്റിയിലെ പ്രസിഡന്റല്ലേ?

MR. N. K. PADMANABHA PILLAI: അതെ.

MR. K. K. THOMAS (*Nominated*) : എഡ്യൂക്കേഷൻ ഫണ്ടു വകയ്ക്കു മുനിസിപ്പാലിറ്റി കറന്റു തുക നീക്കിവക്കണമെന്നുള്ള ൽ ൭-ലെ റഗുലേഷനിൽ വ്യവസ്ഥയുണ്ടെന്നതറിയാമോ ?



LIBRARY ARCHIVES Kerala Legislative Assembly

MR. N. K. PADMANABHA PILLAI: ഉണ്ടായിരുന്നു.

MR. K. K. THOMAS: അതുപ്രകാരം വല്ല മുനിസിപ്പാലിറ്റിയും ചെയ്തിട്ടുണ്ടോ?

MR. N. K. PADMANABHA PILLAI: ചെയ്തിട്ടില്ല. വേണമെന്നു വിചാരിക്കയാണെങ്കിൽ ചെയ്യാം.

MR. P. PADMANABHAN TAMPI: കുഴിത്തുറ മുനിസിപ്പാലിറ്റിയിൽ നിന്നും ഒരു പ്രാഥമിക പാഠശാല നടത്തിവരുന്നതായി മെമ്പർക്കു അറിയാമോ?

MR. N. K. PADMANABHA PILLAI: അറിയാം.

MR. C. M JOSEPH: വിദ്യാഭ്യാസത്തിന് ഗവണ്മെൻറിൽ നിന്നും സഹായധനം കൊടുക്കാതെയിരുന്നു് ശക്തിയുള്ള പ്രൈവറു് ഏജൻസികളും ഗവണ്മെൻറിന്റെ നിർദ്ദേശമനുസരിച്ചു് വിദ്യാലയങ്ങളും നടത്തുകയല്ലേ നല്ലതു്?

MR. N. K. PADMANABHA PILLAI: അങ്ങിനെ നടക്കുക എന്നുള്ളതു് അസാദ്ധ്യമാണു്.

MR. J. JOHN KATTAKAYAM: ഈ രാജ്യത്തു് എത്ര പ്രൈവറു് കാളേജുകളുണ്ടു്?

MR. N. K. PADMANABHA PILLAI: അതിവിടെ പറയേണ്ട ആവശ്യമില്ല.

ഡയറക്ടർ വിദ്യാഭ്യാസസെക്രട്ടറിയായിരിക്കുന്നതു് അശാസ്യമല്ല. ഇതിനെ സംബന്ധിച്ചു് മി. ഗോവിന്ദൻ പുറപ്പെടുവിച്ച അഭിപ്രായത്തോടു് എനിയ്ക്കും യോജിക്കുവാൻ നിവൃത്തിയില്ല. ദിവാൻജി എല്ലാ കാര്യങ്ങളും നോക്കിക്കൊള്ളുമെന്നാണു് അദ്ദേഹം പറഞ്ഞതു്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചു യാതൊരു അറിവുമില്ലാത്ത ദിവാൻജിമാർ ഇവിടെ വരികയും, ഡയറക്ടർക്കു് ഈ നാട്ടിനെപ്പറ്റിയോ, നാട്ടുനടപ്പിനെപ്പറ്റിയോ യാതൊരറിവുമില്ലാതിരിക്കയും ചെയ്യുന്ന സന്ദർഭത്തിൽ തീച്ചയായും സെക്രട്ടേറിയെറ്റിൽ ഒരു നാട്ടുകാരനായ എഡ്യൂക്കേഷൻ സെക്രട്ടറിയുടെ ആവശ്യമുണ്ടു്. അല്ലാതെഡയറക്ടർ പറയുന്നതനുസരിച്ചുതന്നെ ദിവാൻജിയും പ്രവൃത്തിച്ചുതുടങ്ങിയാൽ നമ്മുടെ വിദ്യാഭ്യാസത്തിനു് ന്യൂനത സംഭവിക്കുന്നതാണു്.

MR. M. GOVINDAN: ചീഫ് സെക്രട്ടറി ഈ വക കാര്യങ്ങൾ നോക്കിയാൽ പോരേ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. K. PADMANABHA PILLAI: ചീഫ് സെക്രട്ടറിക്ക് അത് ലേക്കുമാത്രം സമയമുണ്ടെന്ന ഞാൻ വിചാരിക്കുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടറായി ന. ം ം-ാപാ മുതൽ ന ം ം-ാപാവരെ സ്കൂയിലിൽ ഒരാളിനെ നിയമിക്കണമെന്നുള്ള വ്യവസ്ഥയ്ക്ക് പകരം ന ം ം-ാപാ ശമ്പളത്തിൽ ഒരു ഡെപ്യൂട്ടി ഡയറക്ടരെ നിയമിച്ചുകൂടെ എന്നാശംസിച്ചുകൊള്ളുന്നതല്ലാ.

PRESIDENT: Your time is up.

MISS. D. H. WATTS (*Nominated*): I am glad to have been able to attend this session of the Council and to have the opportunity of speaking on the recommendations of the Education Reforms Committee. I agree with it in all fundamentals, but not in all the measures proposed. My justification for speaking at all is my long experience and I shall speak only on a few points touching women.

